തുഞ്ചത്തെഴുത്തച്ഛൻ
**മലയാളസർവകലാശാല**

വാക്കാട്, മലപ്പുറം - 676 502
**ഫോൺ : 0494-2631230**

**നം. 125/2019/പ.വി** **തീയതി: 17/06/2021**

# ബിരുദാനന്തരബിരുദ കോഴ്സുകളിലേക്കുള്ള വിജ്ഞാപനം

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല 2021-22 അധ്യയനവർഷം ആരംഭിക്കുന്ന താഴെപ്പറയുന്ന ബിരുദാനന്തരബിരുദ കോഴ്സുകളിലേക്കുള്ള പ്രവേശനം സംബന്ധിച്ച് പ്രസിദ്ധീകരിക്കുന്ന വിജ്ഞാപനം.

1. **എം.എ. ഭാഷാശാസ്ത്രം**
2. **എം.എ. മലയാളം (സാഹിത്യപഠനം)**
3. **എം.എ. മലയാളം (സാഹിത്യരചന)**
4. **എം.എ. മലയാളം (സംസ്കാരപൈതൃകം)**
5. **എം.എ. ജേണലിസം & മാസ് കമ്മ്യൂണിക്കേഷൻസ്**
6. **എം.എ./എം.എസ്സി പരിസ്ഥിതിപഠനം**
7. **എം.എ. വികസനപഠനവും തദ്ദേശവികസനവും**
8. **എം.എ. ചരിത്രം**
9. **എം.എ. സോഷ്യോളജി**
10. **എം.എ. ചലച്ചിത്രപഠനം**

- ഓരോ കോഴ്സിലും പരമാവധി 20 പേർക്കാണ് പ്രവേശനം നൽകുക. (പ്രവേശനത്തിൽ സർക്കാർ അംഗീകൃത സംവരണക്രമം പാലിക്കപ്പെടും)
- നാലു സെമസ്റ്ററുകളിലായി രണ്ടു വർഷം ദൈർഘ്യമുള്ളതാണ് ഈ കോഴ്സുകൾ. കോഴ്സുകളിൽ പ്രവേശനം നേടുന്നതിനുള്ള അടിസ്ഥാനയോഗ്യത ഏതെങ്കിലും അംഗീകൃത സർവകലാശാലയിൽ നിന്നും നേടിയ ബിരുദമായിരിക്കും. ബിരുദപരീക്ഷയുടെ ഫലം പ്രതീക്ഷിക്കുന്നവർക്കും അപേക്ഷിക്കാവുന്നതാണ്. എം.എസ്സി പരിസ്ഥിതിപഠന കോഴ്സിന് പ്ലസ്ടു തലത്തിൽ സയൻസ് പഠിച്ചിട്ടുള്ള ഏത് ബിരുദധാരികൾക്കും അപേക്ഷിക്കാവുന്നതാണ്.
- അപേക്ഷകർ 2021 ഏപ്രിൽ 01ന് 28 വയസ്സ് കഴിഞ്ഞവരാകരുത്. (പട്ടികജാതി/പട്ടികവർഗ്ഗം/ഭിന്നശേഷിയുള്ളവർ എന്നിവർക്ക് 30 വയസ്സ് വരെയാകാം).
- **ഓരോ കോഴ്സിനും അഭിരുചി നിർണയിക്കുന്ന പ്രവേശനപ്പരീക്ഷ എഴുതേണ്ടതാണ്. ഒരാൾക്ക് പരമാവധി രണ്ട് കോഴ്സുകൾക്ക് പ്രവേശനപ്പരീക്ഷ എഴുതാവുന്നതാണ്.**
- സാഹിത്യരചനാ കോഴ്സിന് അപേക്ഷിക്കുന്നവർ അഞ്ചു പുറത്തിൽ കവിയാത്ത അവരുടെ ഏതെങ്കിലും രചന (ഒരു കഥ/രണ്ട് കവിത/നിരൂപണം) നിർബന്ധമായും

അഭിരുചിപ്പരീക്ഷാസമയത്ത് കൊണ്ടുവരികയും പരീക്ഷയുടെ ഉത്തരക്കടലാസിനൊപ്പം സമർപ്പിക്കുകയും ചെയ്യേണ്ടതാണ്. (പ്രസ്തുത രചനയിൽ പേര് എഴുതാൻ പാടില്ല.) ഇത് മൂല്യനിർണയത്തിൽ പരിഗണിക്കും. (20 ശതമാനം)

- വയസിളവിനും സംവരണാനുകൂല്യത്തിനും അർഹതയുള്ളവർ / അത് തെളിയിക്കുന്ന രേഖകൾ, നോൺക്രിമിലയർ സർട്ടിഫിക്കറ്റ്, ബിരുദ പരീക്ഷയുടെ മാർക്ക് ലിസ്റ്റ് എന്നിവയുടെ അസ്സൽ പ്രവേശനസമയത്ത് ഹാജരാക്കണം. അപേക്ഷയിൽ നൽകിയ മാർക്കും ഹാജരാക്കുന്ന മാർക്കും തമ്മിൽ വ്യത്യാസം ഉണ്ടാവരുത്.
- പരീക്ഷാകേന്ദ്രം, സ്ഥലം, തീയ്യതി, സമയം, എന്നീ വിശദാംശങ്ങൾ ഹാൾ ടിക്കറ്റിൽ കാണിക്കുന്നതാണ്
- പരീക്ഷാകേന്ദ്രം - തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് തിരൂർ എന്നിവിടങ്ങളിൽ ആയിരിക്കും
- **അപേക്ഷാ ഫീസ്** :

  **ഓരോ കോഴ്സിനും 400/- രൂപ വീതം**

  (പട്ടികജാതി/പട്ടികവർഗ്ഗ/ഭിന്നശേഷിയുള്ള അപേക്ഷകർക്ക് (പേഴ്സൺസ് വിത്ത് ഡിസെബിലിറ്റീസ് ആക്ട് അനുസരിച്ച്)

  **ഓരോ കോഴ്സിനും 200/- രൂപ വീതം**

  മലയാളസർവകലാശാലയുടെ അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ: 32709117532, എസ്.ബി.ഐ. തിരൂർ ടൗൺ ശാഖ, IFS Code: SBIN0008678) **പണമടച്ച് ബാങ്കിൽ നിന്ന് ലഭിക്കുന്ന യു.ടി.ആർ./ജേർണൽ നമ്പർ ഉൾപ്പടെയുള്ള വിവരങ്ങൾ അപേക്ഷയിൽ നിർബന്ധമായും കാണിക്കണം.**
- അപേക്ഷാഫോറം www.malayalamuniversity.edu.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ്. **അപേക്ഷ ഓൺലൈനായി അയക്കാം.** അപേക്ഷകന്റെ ഫോട്ടോ, കൈയൊപ്പ് എന്നിവ സ്കാൻ ചെയ്ത് ചേർക്കേണ്ടതാണ്.
- അപേക്ഷാഫീസ് 'തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല, തിരൂർ' എന്ന പേരിൽ ഡിമാന്റ് ഡ്രാഫ്റ്റ് എടുത്ത് വെബ്സൈറ്റിൽ നിന്നും പ്രിന്റെടുത്ത അപേക്ഷ സഹിതം തപാൽ വഴിയും അയക്കാം.

  സർവകലാശാലയിൽ നേരിട്ട് ഫീസടച്ചും അപേക്ഷ സമർപ്പിക്കാവുന്നതാണ്.
- **പ്രവേശന പരീക്ഷ തിയ്യതി പിന്നീട് അറിയിക്കുന്നതാണ്.**
- ഓരോ വിഷയത്തിനും ഒരു മണിക്കൂർ ദൈർഘ്യമുള്ള ഒബ്ജക്ടീവ് മാതൃകയിലുള്ള പരീക്ഷയാണ്. ഓരോ പരീക്ഷയ്ക്കും 50 മാർക്കിന്റെ ചോദ്യങ്ങൾ ഉണ്ടായിരിക്കും.
- അഭിരുചി പരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിലായിരിക്കും പ്രവേശനം. അഭിരുചിപരീക്ഷയിൽ 40% മാർക്കെങ്കിലും നേടിയാൽ മാത്രമേ റാങ്ക്ലിസ്റ്റിൽ ഉൾപ്പെടുകയുള്ളൂ.

**അപേക്ഷ ലഭിക്കേണ്ട അവസാന തീയതി: 2021 ജൂലൈ 05**

തിരൂർ
മലപ്പുറം

പരീക്ഷാകൺട്രോളർ